# ആട്ടുകല്ലും അരകല്ലും

• കുസുമം. ആർ. പുന്നപ്ര

മുറ്റത്തെ തെങ്ങിൻ ചുവട്ടിൽ കിടന്ന ആട്ടുകല്ല് തൊട്ടപ്പുറത്തു കിടന്ന  അരകല്ലിനോട് ചോദിച്ചു: ''ചങ്ങാതീ, നമ്മളെത്ര നാളായി ഇവിടെ ഇങ്ങനെ മഴയും വെയിലും കൊണ്ട് കിടക്കുന്നു! ഇതിൽനിന്നും നമുക്കൊരു മോചനം ഇല്ലേ...?''

അരകല്ലു പറഞ്ഞു: ''സുഹൃത്തേ, നമ്മുടെ ആ നല്ലകാലമെല്ലാം അസ്തമിച്ചു. ഇനി ഒരിക്കലും നമുക്ക് നമ്മുടെ പഴയ സ്ഥലത്തേക്ക് തിരിച്ചുപോകുവാൻ പറ്റുമെന്നു തോന്നുന്നില്ല!''

അതുകേട്ട് ആട്ടുകല്ല് പറഞ്ഞു: ''എത്ര കാര്യമായിട്ട് ആ വീട്ടിനകത്ത് ഇരിപ്പിടവും തന്ന് നമ്മളെ ബഹുമാനിച്ചിരുത്തിയിരുന്നതാണ്! എന്നിട്ടാണിങ്ങനൊക്കെയായത്!''

അരകല്ല് അതിന്റെ കാരണം വിശദീകരിച്ചു: ''അന്ന് ഈ വീട്ടുകാർക്ക് വേറെ



▸▸ ഗ്ലാസ് നിർമ്മാണത്തിന് ഉപയോഗിക്കുന്ന പദാർത്ഥം– സിലിക്ക (മണൽ)

# ശ്ശ്...




ഒരു മാർഗവും ഇല്ലായിരുന്നു. നമ്മളില്ലെങ്കിൽ അവർക്ക് സ്വാദുള്ള ഭക്ഷണം ഉണ്ടാക്കാൻ നിവൃത്തിയില്ലായിരുന്നു. ഇഡ്ഢലിയും ദോശയും കൊഴുക്കട്ടയും, എന്തിന് പരിപ്പുവടയും ഉഴുന്നുവടയും എല്ലാം ഉണ്ടാക്കുന്നതിന് ചങ്ങാതിയുടെ സഹായം വേണമായിരുന്നു;

അതേപോലെ തേങ്ങ അരച്ച് കറിവെയ്ക്കണമെങ്കിൽ എന്റെ സഹായവും. കാലം മാറി. കറന്റു വന്നു. അവർ പുതിയ പുതിയ മെഷീനുകൾ നമുക്കു പകരം കണ്ടുപിടിച്ചു. എന്നിട്ടു നമ്മളെ അവർ വീടിനു വെളിയിലാക്കി.''

അപ്പോൾ ആട്ടുകല്ല് ഒന്നുകൂടി വിശദീകരിച്ചു: ''എനിക്ക് പകരം വാങ്ങിയ ആ മെഷീനും പൊക്കി കഴിഞ്ഞ ദിവസം വീട്ടുകാരൻ പോകുന്നതു കണ്ടു. നന്നാക്കാനാണത്രെ. അപ്പോൾ വീട്ടുകാരി പറയുന്നതു കേട്ടു: ഇതിൽ ഭേദം ആ തെങ്ങിൻ ചോട്ടിൽ കിടക്കുന്ന ആട്ടുകല്ലാണെന്ന്. കേടാകില്ല. കറൻറില്ലെങ്കിൽ പേടിക്കുകയും വേണ്ട. അപ്പോളെന്റെ മനസ്സിന് എന്തു മാത്രം സന്തോഷിച്ചെന്നോ!''

അരകല്ല് പറഞ്ഞു: ''ചങ്ങാതീ, അങ്ങനെ സന്തോഷിക്കുകയൊന്നും വേണ്ട. ഇതേപോലെ ഞാനും കേട്ടതാ. ഒരുദിവസം എനിക്കു പകരം വന്ന മെഷീൻ പണിമുടക്കി. കറിക്ക് അരക്കാൻ നോക്കിയിട്ട് അനങ്ങുന്നില്ല. ഞാനിത് കണ്ടോണ്ട് ഇവിടെ കിടക്കുവാ. ഇപ്പോളെന്നെ അകത്തു കൊണ്ടുപോയി തേച്ചുമിനുക്കി ഉപയോഗിക്കാനെടുക്കും എന്നു മോഹിച്ചു.''

ആട്ടുകല്ല് ആകാംക്ഷയോടെ ചോദിച്ചു: ''എന്നിട്ട്... എന്നിട്ട്?''

അരകല്ല് മറുപടി പറഞ്ഞു: ''എന്നിട്ടെന്തുവാ, എന്നെ തിരിഞ്ഞു നോക്കിയില്ല. അവർ പുറത്തുനിന്നും എത്രയോ ദിവസം ആഹാരം കഴിച്ചു; തിരികെ മെഷീൻ നന്നാക്കി കൊണ്ടുവരുന്നതുവരെ.''

അപ്പോൾ ആട്ടുകല്ല് അരകല്ലിനോട് ഒരു സ്വകാര്യം പറഞ്ഞു: ''ചങ്ങാതീ, നമുക്കാശക്ക് വകയുണ്ട്. ഈ പറമ്പിൽ കിടക്കുന്ന നമ്മളെ കണ്ടുകൊണ്ട് ഒരു മാന്യൻ പറയുന്നതുകേട്ടു, ആട്ടുകല്ലും അരകല്ലും ഒക്കെ ഉപയോഗിച്ചിരുന്ന കാലത്ത് മനുഷ്യർക്ക് ഇത്രയും അസുഖങ്ങളില്ലായിരുന്നു. അത് വ്യായാമത്തിനുള്ള ഒരു ഉപകരണം കൂടി ആയിരുന്നും. അടുത്ത തലമുറക്ക് കാണാനെങ്കിലും ഇതെല്ലാം സൂക്ഷിച്ചുവെക്കണം.''

അരകല്ല് പറഞ്ഞു: ''പ്രതീക്ഷ കൈവിടണ്ട. എന്നെങ്കിലും അങ്ങനൊരു കാലം വരും. അതിനായി കാത്തിരിക്കാം ചങ്ങാതീ...''

▸▸ ലോകത്തിലെ ഏറ്റവും ചെലവു കുറഞ്ഞ ചൊവ്വാ ദൗത്യം– മംഗൾയാൻ